

Shihab Thangal Library & Literary Club
Publications

# സൃഷ്ടി
# സ്ഥിതി

MAJLIS ARTS & SCIENCE COLLEGE (AUTONOMOUS)
(Affiliated to University Of Calicut & NAAC Accredited With A Grade)

# സമർപ്പണം

പോർവിളികൾക്കും,

വെടിയൊച്ചകൾക്കും,

ഇടയിൽ പൊലിഞ്ഞു പോയ

ബാല്യങ്ങൾക്ക് ..





നമ്മുടെ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകത വളർത്തുക എന്ന ലക്ഷ്യത്തോടെ മജ്‌ലിസ് ആർട്സ് & സയൻസ് കോളേജ് പുറമണ്ണൂർ, ശിഹാബ് തങ്ങൾ സ്മാരക ലൈബ്രറിയുടെയും ലിറ്റററി ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന സൃഷ്ടി സ്ഥിതി എന്ന ത്രൈമാസികയുടെ പുതിയ പതിപ്പ് നിങ്ങളിലേക്കെത്തുകയാണ്.യുദ്ധവും സമാധാനവും എന്ന വിഷയത്തിൽ കേന്ദ്രീകരിച്ച്
പുറത്തിറക്കുന്ന ഈ പതിപ്പിന് എല്ലാ ഭാവുകങ്ങൾ നേരുന്നു.

**സ്നേഹപൂർവ്വം,**
**മുഹമ്മദ് കുട്ടി കെ.കെ**
Principal,
Majlis Arts and Science College



*യുദ്ധത്തിന്റെ ഭീതിയും ഭീകരതയും ദിനംപ്രതി മാനവ രാശിയെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. മജ്‌ലിസ് കോളേജിലെ ലിറ്ററി ക്ലബ്ബിന്റെ സൃഷ്ടി സ്ഥിതി ത്രൈമാസികയുടെ പുതിയ പതിപ്പ് യുദ്ധത്തിന്റെ ഭീകരത ഓർമ്മപ്പെടുത്തുകയും നാളെയിൽ പ്രതീക്ഷ വെയ്ക്കുകയും ചെയ്യുന്നു.*
*ഇനി താളുകൾ മറച്ചു തുടങ്ങാം.*

**സ്നേഹപൂർവ്വം,**
**സാബിറ പി.കെ**
Coordinator, Literary Club



# IND


07 **യുദ്ധവും സമാധാനവും**
HANNAMOIDEEN. K

08 **അതിജീവനം**
MUHAMMED SHIYAF

11 **കാക്ക്ല**
ANEESURAHMAN

12 **Am a Madman**
ABDULLA ADIL V P

13 **മൈലാഞ്ചി ചോപ്പ്**
SHAHMA T

15 **Entropy Learns My Name**
AHAMMAD ASHFAK K. A

16 **മാർക്കിനപ്പുറം**
FIDHA.V

17 **ധ്വജങ്ങളുടെ നിഴലിൽ , മൗനലഹരി**
AHMED SINAN CK

# DEX


നിഴലും കിരണവും 18
Hashim Abdul Salam TP

എന്റെ വർഷം 20
Shahma T

വിജയത്തിലേക്കുള്ള അഗ്നിയാത്ര 21
Nihala Parveen PV

UNSEEN 22
Fathimath Husna

ബാക്കി 23
Rimza Irphan

റിയൽ ജീവിതവും റീൽസ് ജീവിതവും 24
Jasla Sherin

ബാക്കിയാക്കുന്ന വേരുകൾ 25
Saleekha Farvin Ap

റീൽസിൽ നിന്നും റിയാലിറ്റിയിലേക്ക് 27
Sunanda

**ലേഖനം / HANNAMOIDEEN. K**
*BA. Sociology 2nd Year*

# യുദ്ധവും സമാധാനവും

മനുഷ്യചരിത്രത്തിന്റെ നീണ്ട യാത്രയിൽ യുദ്ധവും സമാധാനവും രണ്ട് വിപരീത ധ്രുവങ്ങളായി ഒരുമിച്ച് നിലകൊണ്ടിട്ടുണ്ട്. മനുഷ്യൻ ചിന്തിക്കാൻ തുടങ്ങിയ നിമിഷം മുതൽ അധികാരവും ആധിപത്യവും അവന്റെ മനസ്സിൽ വേരൂന്നി. അതിന്റെ പ്രതിഫലനമായാണ് ലോകം വീണ്ടും വീണ്ടും യുദ്ധങ്ങളുടെ കണൽ ചവിട്ടിയത്. യുദ്ധം പലപ്പോഴും രാജ്യങ്ങളുടെ ഏറ്റുമുട്ടലായി ചിത്രീകരിക്കപ്പെടുമ്പോഴും അതിന്റെ യഥാർത്ഥ മുഖം മനുഷ്യവേദന തന്നെയാണ്.

യുദ്ധം പെട്ടെന്ന് പൊട്ടിപ്പുറപ്പെടുന്ന ഒന്നല്ല. അത് മനുഷ്യന്റെ ഉള്ളിൽ വളരുന്ന വൈരാഗ്യത്തിന്റെ നിഴലാണ്. വാക്കുകളിൽ തുടങ്ങുന്ന വെറുപ്പ് ആയുധങ്ങളിലേക്കും രക്തപാതയിലേക്കും വഴിമാറുമ്പോൾ, നശിക്കുന്നത് ഒരു തലമുറയുടെ സ്വപ്നങ്ങളാണ്. യുദ്ധഭൂമിയിൽ മരിക്കുന്നവരേക്കാൾ കൂടുതൽ പേർ ജീവിച്ചിരിക്കെ തന്നെ ഉള്ളിൽ മരിക്കുന്നു.

ചരിത്രം സാക്ഷ്യം വഹിക്കുന്നത് ഒരേയൊരു സത്യത്തിനാണ് യുദ്ധം ഒരിക്കലും സ്ഥിരമായ വിജയം സമ്മാനിച്ചിട്ടില്ല. നശിച്ച നഗരങ്ങളും ചിതറിപ്പോയ കുടുംബങ്ങളും മാത്രമാണ് അത് ബാക്കിയാക്കുന്നത്. യുദ്ധം അവസാനിച്ചാലും അതുണ്ടാക്കുന്ന മുറിവുകൾ മനുഷ്യന്റെ മനസ്സിൽ കാലങ്ങളോളം മായാതെ കിടക്കും.

പ്രതികാരത്തിന്റെ പാത ഉപേക്ഷിച്ച് സഹവർത്തിത്വം തിരഞ്ഞെടുക്കാൻ ധൈര്യം ആവശ്യമാണ്. ആയുധങ്ങൾ ഉയർത്തുന്നതിനേക്കാൾ മനസ്സുകൾ തമ്മിൽ പാലം പണിയുന്നത് ഏറെ കഠിനമാണ്.

സമാധാനം ഒപ്പുവച്ച കരാറുകളിലൊതുങ്ങുന്ന ഒന്നല്ല. അത് ഓരോ മനുഷ്യന്റെയും ചിന്തയിൽ ആരംഭിക്കേണ്ട ഒരു സംസ്കാരമാണ്. മറ്റൊരാളുടെ വേദന സ്വന്തം വേദനയായി അനുഭവിക്കാൻ കഴിയുമ്പോഴാണ് സമാധാനം സമൂഹത്തിൽ വേരുറപ്പിക്കുക. ചെറിയ സംഘർഷങ്ങളിൽ പോലും സഹിഷ്ണുത കാണിച്ചാൽ, വലിയ യുദ്ധങ്ങൾ ഒഴിവാക്കാൻ കഴിയും. ഇന്നത്തെ ലോകം അത്യാധുനിക ആയുധങ്ങൾ വികസിപ്പിക്കുന്നതിൽ അഭിമാനിക്കുമ്പോൾ, മനുഷ്യസ്നേഹം വളർത്തുന്നതിൽ പിന്നിലായിക്കൊണ്ടിരിക്കുകയാണ്. യുദ്ധത്തിന് ചെലവാകുന്ന പണത്തിന്റെ ഒരു ഭാഗമെങ്കിലും വിദ്യാഭ്യാ-സത്തിനും ആരോഗ്യമേഖലയ്ക്കും വിനിയോഗിച്ചാൽ, ലോകം കൂടുതൽ മാനവികമാകും.

യുവതലമുറയുടെ ചിന്തയിലാണ് നാളെയുടെ ലോകം രൂപപ്പെടുന്നത്. വർഗ്ഗമതരാജ്യഭേദങ്ങൾക്കപ്പുറം മനുഷ്യനെ മനുഷ്യനായി കാണുന്ന കാഴ്ചപ്പാട് അവരിൽ വളർന്നാൽ, യുദ്ധത്തിന്റെ ശബ്ദങ്ങൾ സ്വയം മങ്ങിത്തുടങ്ങും. സമാധാനം ഒരു ആശയമായി മാത്രം നിലനിൽക്കാതെ ജീവിതത്തിന്റെ ഭാഗമാകും.

യുദ്ധം മനുഷ്യനെ നശിപ്പിക്കും, സമാധാനം മനുഷ്യനെ ഉയർത്തും .രക്തം എഴുതുന്ന ചരിത്രത്തിന് പകരം നിശ്ശബ്ദതയുടെ ഭാഷയിൽ മനുഷ്യൻ എഴുതുന്ന ഭാവിയാണ് ലോകത്തിന് ഇന്നെത്രയും ആവശ്യം...!



കഥ / മുഹമ്മദ് ഷിയാഫ്
B.Sc Mathematics , 3rd Year

# അതിജീവനം

മണി മൂന്നായെങ്കിലും പുറത്തെ ചൂട് ഒടുങ്ങുവാൻ ഭാവമില്ല. കണ്ണൂർ നഗരത്തെ അലങ്കരിക്കുന്ന എംപറർ ഹോട്ടലിന്റെ മുന്നിലാണ് ഞാൻ. കാറ്റിൽ ഹോട്ടലിന്റെ മുൻവശത്തെ ത്രിവർണ്ണ പതാക പാറിക്കൊണ്ടിരിക്കുന്നു. ഇന്നത്തെ ടെലിവിഷൻ വാർത്തയിൽ ചൂട് നാൽപത് ഡിഗ്രിയിൽ എത്തി നിൽക്കുന്നു എന്നാണ് പറയുന്നത്. അപ്പോഴാണ് ഒരു മധ്യവയസ്കൻ അരികിൽ വന്ന് ചോദിച്ചത്

" അല്ലപ്പാ... റെയിൽവേ സ്റ്റേഷൻ വരെ ഒന്ന് പോണം. എത്രയാവും ചാർജ്? "

ഞാൻ സീറ്റിൽ ഒന്ന് നിവർന്നിരുന്നു കൊണ്ട് പറഞ്ഞു: " ഒരു അൻപത് രൂപ തന്നോളൂ. അവിടെ കൊണ്ടു വിട്ടേക്കാം."

മധ്യവയസ്കൻ മുഖം ചുളിച്ചുകൊണ്ട് പറഞ്ഞു: " അയ്യോ... ഇതെന്തൊരു കടുപ്പമാണ്പ്പാ! ഇച്ചിരി കൂടുതലല്ലേ ഇത്? ഒന്ന് കുറച്ചൂടെ? "

" എന്താ ഇപ്പൊ ഇങ്ങനെയൊക്കെ പറയുന്നത്? ചേട്ടാ, ഇന്നത്തെ കാലത്ത് മര്യാദയ്ക്ക് വണ്ടി ഓടിച്ച് ജീവിക്കണം എന്ന് വെച്ചാൽ നല്ല പാടാ. പെട്രോളിന് വില മുപ്പത് രൂപയോടടുക്കുന്നു. പോരാത്തതിന് ഈ കത്തുന്ന വെയിലത്ത് വണ്ടി ഓടിക്കുന്നത് അത്ര സുഖമുള്ള പണിയാണോ? ടയറിന്റെ വിലയും തേയ്മാനവും ഒക്കെ നോക്കിയാൽ ഞങ്ങൾക്ക് ഒന്നും ബാക്കിയുണ്ടാവില്ല."



അയാൾ പോക്കറ്റിൽ നിന്ന് ഒരു തൂവാലയെടുത്ത് മുഖം തുടച്ചു." ശരിയാ... ജീവിക്കാൻ എല്ലാവർക്കും പാട് തന്നെ" മുറുമുറുത്തു കൊണ്ട് മൂപ്പർ വണ്ടിയിൽ കയറി. " എന്നാപ്പിന്നെ വണ്ടി വിട്ടോ," അയാൾ തലയാട്ടി.

ടാക്സി ഡ്രൈവർ ഗിയർ ലിവർ പിന്നോട്ട് വലിച്ച് വണ്ടി മെല്ലെ സ്റ്റേഷൻ റോഡിലേക്ക് വിട്ടു. കുറച്ചു ദൂരം കഴിഞ്ഞപ്പോൾ കണ്ണാടിയിലൂടെ നോക്കിയപ്പോൾ , പുറത്തെ ചൂടും വണ്ടിയുടെ ആ ലഹരിയും പിടിച്ച് മൂപ്പർ സീറ്റിലിരുന്ന് ഉറക്കം തൂങ്ങുന്നു. പാവം, ഏതോ ദൂര സ്ഥലത്ത് നിന്ന് വരുന്നതാണെന്ന് തോന്നുന്നു.

" കണ്ണൂർ സ്റ്റേഷൻ ആപ്കാ സ്വാഗത് കർത്താ ഹേ... ഗാ ഡി നമ്പർ 633 കണ്ണൂർ ഷൊർണൂർ പാസഞ്ചർ ഒന്നാം നമ്പർ പ്ലാറ്റ്ഫോം മേ ആരഹേ"

റെയിൽവേ അനൗൺസ്മെന്റ് കേട്ടതും ആ മധ്യവയസ്കൻ ഞെട്ടി ഉണർന്നു. അയാൾ വേഗം പോക്കറ്റിൽ നിന്നും ഒരു അൻപത് രൂപ നോട്ട് എനിക്ക് നേരെ നീട്ടി. " ശരിപ്പാ, എന്നാൽ ഞാൻ ഇറങ്ങട്ടെ," എന്ന് പറഞ്ഞ് ബാഗും തൂക്കി പ്ലാറ്റ്ഫോമിലേക്ക് ധൃതിപ്പെട്ട് പാഞ്ഞു.

ഉച്ചവെയിലിൽ വണ്ടി ഓടിച്ച് എനിക്കും നല്ല ക്ഷീണം തോന്നിയിരുന്നു. ഒരു കടുപ്പത്തിൽ ചായ കുടിച്ചാലേ കണ്ണ് തുറക്കാൻ പറ്റൂ എന്ന അവസ്ഥ. ഞാൻ റെയിൽവേ സ്റ്റേഷന് അടുത്തുള്ള തിരക്കേറിയ ആ പഴയ ചായപ്പീടികയ്ക്ക് അരികിൽ വണ്ടി ഒതുക്കി.

"- മോനേ... ഒരു സ്ട്രോങ്ങ് ചായ എടുത്തോ," ബെഞ്ചിലിരുന്ന് ഞാൻ വിളിച്ചു പറഞ്ഞു.

ആവി പറക്കുന്ന ഒരു ഗ്ലാസ് ചായ മേശപ്പുറത്തെത്തി. " കഴിക്കാൻ വല്ലതും എടുക്കട്ടെ ചേട്ടാ?" എന്ന് ചോദിച്ച പയ്യനോട് വേണ്ട എന്നർത്ഥത്തിൽ ഞാൻ തലയാട്ടി. ചായയുടെ ചൂടിലും ആശ്വാസം കണ്ടെത്തി ഇരിക്കുമ്പോഴാണ് റോഡിലൂടെ ഒരു ചുവന്ന ക്വാളിസ് ചീറിപ്പാഞ്ഞു പോയത്.

തിരിച്ചുപോകാൻ ഇരിക്കെയാണ് ചായപ്പീടികയുടെ മൂലയിലുള്ള ആ ചെറിയ ഡെക്ക ടിവിയിൽ വാർത്തകൾ തെളിഞ്ഞത്. സ്ക്രീനിൽ പ്ലാച്ചിമടയിലെ ദൃശ്യങ്ങളായിരുന്നു.

" പ്ലാച്ചിമടയിൽ സംഘർഷം... സമരക്കാർക്കെതിരെ പോലീസ് കേസെടുത്തു," വാർത്താവായനക്കാരന്റെ ശബ്ദം പീടികയിൽ മുഴങ്ങി. " തങ്ങളുടെ മണ്ണിലെ വെള്ളം ഊറ്റിയെടുക്കുന്ന കോള കമ്പനിക്കെതിരെ നാട്ടുകാർ നടത്തിയ ഉപരോധം അക്രമാസക്തമായെന്നാണ് പോലീസ് റിപ്പോർട്ട്. സമരക്കാർക്ക് നേരെ പോലീസ് ലാത്തി വീശുകയും പത്തോളം പേരെ കസ്റ്റഡിയിൽ എടുക്കുകയും ചെയ്തിട്ടുണ്ട്..."

വാർത്ത കേട്ട് ആകെ ഒരു നിശ്ശബ്ദത പടർന്നു. ചായക്കടയിലെ പയ്യൻ ഗ്ലാസ് കഴുകി വെച്ചുകൊണ്ട് അടുത്തേക്ക് വന്നു. അവന്റെ മുഖത്ത് വല്ലാത്തൊരു നിരാശയുണ്ടായിരുന്നു.

" ഇതൊക്കെ കണ്ടില്ലേ ചേട്ടാ... ഈ നാട്ടിൽ സമരങ്ങൾ നടത്തിയിട്ട് ഒന്നും ഒരു കാര്യവുമില്ലപ്പാ. നമ്മൾ എന്ത് പ്രതികരിച്ചാലും അവസാനം ഇങ്ങനെയൊക്കെ തന്നെ സംഭവിക്കൂ. പാവപ്പെട്ടവന്റെ ജീവിതം അഴിക്കുള്ളിൽ തീർക്കാനേ ഇവരൊക്കെ നോക്കുന്നുള്ളൂ... വെറും തലവിധി! അല്ലാതെന്ത് പറയാൻ!"

ടാക്സി ഡ്രൈവർ ഒന്നും മിണ്ടിയില്ല. അയാൾ ആ പയ്യന്റെ മുഖത്തേക്ക് ഒന്ന് നോക്കി. ആ നോട്ടത്തിൽ പലതുമുണ്ടായിരുന്നു— സങ്കടമോ നിസ്സഹായതയോ അതോ ആയിരം വാക്കുകൾക്ക് പകരമാവുന്ന കനലോ എന്ന് തിരിച്ചറിയാൻ ആ പയ്യന് കഴിഞ്ഞില്ല. അയാൾ പതുക്കെ എഴുന്നേറ്റു പൈസ മേശപ്പുറത്ത് വെച്ചു. അയാളുടെ കൈകൾ ചെറുതായി വിറയ്ക്കുന്നുണ്ടായിരുന്നു. " തലവിധി " എന്ന വാക്ക് അയാളുടെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു.

അയാൾ തന്റെ പഴയ അംബാസഡർ ടാക്സിക്ക് അടുത്തേക്ക് നടന്നു. കാറിന്റെ മുൻവശത്തെ ഗ്ലാസിൽ വെയിൽ കൊണ്ട് മങ്ങിയ ഒരു സ്റ്റിക്കർ ഉണ്ടായിരുന്നു— അതൊരു സമരസമിതിയുടെ ലോഗോ ആയിരുന്നു.

*വണ്ടി സ്റ്റാർട്ട് ചെയ്യുന്നതിന് മുൻപ് അയാൾ ദൂരേക്ക് നോക്കി ഒന്ന് നെടുവീർപ്പിട്ടു. വർഷങ്ങൾക്ക് മുൻപ് സമരപ്പന്തലിൽ പോലീസിന്റെ ലാത്തിയടിയേറ്റ് വീഴുമ്പോൾ കൂടെയുണ്ടായിരുന്ന സുഹൃത്തുക്കളുടെ നിലവിളികൾ അയാൾ വീണ്ടും കേൾക്കുന്നതുപോലെ തോന്നി.*

*അയാൾ തന്റെ പഴയ ഡയറിക്കുള്ളിൽ സൂക്ഷിച്ച ഒരു പത്രക്കട്ടിംഗ് എടുത്തു നോക്കി. ലാത്തിചാർജിനിടയിൽ ചോരയൊലിപ്പിച്ചു നിൽക്കുന്ന ആ യുവാവ് മറ്റാരുമായിരുന്നില്ല, ഈ ഡ്രൈവർ തന്നെയായിരുന്നു. ചായപ്പീടികയിലെ പയ്യനോട് പറയണമെന്ന് തോന്നി: " ഇത് തലവിധി അല്ല, മറിച്ച് വരുംതലമുറയ്ക്ക് വേണ്ടിയുള്ള പോരാട്ടമാണെന്ന്." പക്ഷേ അയാൾ ഒന്നും പറഞ്ഞില്ല.*

*അയാൾ ഗിയർ മാറ്റി വണ്ടി മുന്നോട്ട് എടുത്തു. കണ്ണൂർ ടൗണിൽ നിന്ന് തന്റെ അംബാസഡർ അയാൾ തിരിച്ചുവിട്ടത് പാലക്കാട് ലക്ഷ്യമാക്കിയായിരുന്നു. അവിടെ അഴിക്കുള്ളിലായ തന്റെ സമര സഖാക്കൾക്ക് കൊടുക്കാൻ കുറച്ച് പൊതിച്ചോറുകൾ കാറിന്റെ ഡിക്കിയിൽ അയാൾ കരുതിയിരുന്നു.*

*ലോകം അതിനെ ' കേസ് എന്നും ' തലവിധി എന്നും വിളിക്കുമ്പോഴും, അയാൾ അതിനെ ' അതിജീവനം എന്ന് വിളിച്ചു*



കവിത / അനീസുറഹ്മാൻ
*BCA , 3rd Year*

# കാക്ഷ

*ഹാഷ്ടാഗുകളുടെ ചുഴിയിൽ ചുറ്റുന്ന ജീവിതങ്ങൾ,*
*സ്ക്രീനിന്റെ ഒഴുക്കിൽ മറഞ്ഞു പോകുന്ന വാർത്തകൾ.....*
*4G വറ്റിയ താഴ്വരയിൽ ഇന്ന്*
*ശബ്ദമില്ലാത്ത നിലവിളികൾ മാത്രം.....*

*വേലികൾ വീടിനുള്ളിലും " വേലിയായി',*
*മതവും വംശവും കോമ്പസ്സായി മാറി.*
*ഇന്നലെ വരെ കൈകോർത്തവർ ഇന്ന്*
*രണ്ടു വശങ്ങളിൽ തോക്കുകളുമായി.*
*വിരൽ തുമ്പിലെ കാട്ടു തീ വേഗത്തിൽ പടർന്നു*

*മനുഷ്യത്വം ഓഫ്‌ലൈനായ തെരുവുകളിൽ*
*ചോരയ്ക്ക് ഒരേ നിറമെന്നു മറന്നു പോയി.*
*പുകയുന്ന കുന്നുകളിൽ നിന്ന്*
*സമാധാനത്തിന്റെ നോട്ടിഫിക്കേഷൻ കാത്ത്,*
*ഒരു പുതിയ തലമുറയുണ്ട്*
*വിദ്വേഷമില്ലാത്ത ഒരു അപ്ഡേറ്റിനായി*



Poem / Abdulla Adil V P
Bsc. Physics , 3rd Year

# Am a Madman

*Yes I'm a madman*
*Don't you know me*
*If your answer is yes*
*Do you think it's true*
*Yes it's false .*

*You don't know*
*The real me*
*I'm your companion*
*Bt you aren't mine .*



*Now I'm a mad one*
*to you*
*To the world*
*To me*
*Yes I'm*
*.....*
*You know why*
*Because I'm really mad,*
*Madness*
*covered my consciousness*
*Now I'm him*
*I'm you .*
*I'm, I am ..*

കഥ / ഷഹ്മ ടി
*MA English*

# മൈലാഞ്ചി ചോപ്പ്

അന്നാ പുതുരാത്രിയിൽ അവർ കയ്യിലെ ചുവന്ന മൈലാഞ്ചിയെ പറ്റി സംസാരിച്ചു:
നിക്ക് ഇഷ്ട്ടാ... കൊറേ...നല്ല മൊഞ്ചല്ലേ കാണാന്...
അവൾ കൊഞ്ചി ചിരിച്ചു കൊണ്ട് പറഞ്ഞു.

അതിന്റെ മണം പോലും ഇക്ക് കണ്ടൂടാ... ഹയ്യി... തലേ കുത്തീട്ട് പാടൂല..
അലി നെറ്റി ചുളിച്ചു കൊണ്ടു പറഞ്ഞു. അവളുടെ മുഖം വാടി, വിതുമ്പി.

ചെറിയ ഒരു അമർഷത്തോടെ അയാൾ വീണ്ടും പറഞ്ഞു:
ഇങ്ങിനെ ചെറിയെ കാര്യത്തിന് ഒന്നും മോങ്ങാൻ നിക്കണ്ട. നല്ലൊരു ദീസം ആയ്ട്ട് കണ്ണീര് കാട്ടാൻ നോക്കണ്ട്, ഞാൻ അയ്ന് മാത്രം ഒന്നും പറഞ്ഞിട്ട് ഇല്ല



അന്നാ രാത്രിയിൽ അവളുടെ പ്രിയപ്പെട്ട മൈലാഞ്ചി അവസാനമായി അവളുടെ നെഞ്ചിൽ അമർന്നു. കണ്ണീർ കൊണ്ടു കൂടുതൽ ചുവന്നു.

രാത്രികൾ പലതു വീണു. അന്ന് കത്തുന്ന വെയിലിൽ അയാൾ വലിയൊരു മൈലാഞ്ചി കമ്പ് അവളുടെ അടുത്ത് കൊണ്ടു വന്നു വച്ചു. അവൾ കാണുന്നുണ്ട് എന്ന വിശ്വാസത്തോടെ അതിനെ അവിടെ നട്ടു,  വെള്ളമൊഴിച്ചു. കയ്യിൽ പറ്റിയ ചളി കൂടെ കഴുകി കളഞ്ഞ് അയാൾ നീണ്ട നെടുവീർപ്പിട്ടു.

ഇനി നിന്റെ ഇഷ്ടങ്ങൾക്ക് ഒന്ന് തന്നെയും ഞാൻ എതിര് പറയില്ല ആയിഷാ....

ഏറെ നേരം ആ മൈലാഞ്ചി ചെടിയെ നോക്കി അയാൾ നിന്നു. ശേഷം കണ്ണു തുടച്ച് ആ പള്ളി ക്കാട്ടിൽ നിന്നും പുറത്തേക്ക് നടന്നു.

പുതിയ ഇടം കിട്ടിയ ആ ഇളം ചെടിയിൽ പറ്റിയ
ചെറു വെള്ളത്തുള്ളികൾ പുഞ്ചിരിച്ചു.



Poem / Ahammad Ashfak K. A
*B.Sc Physics , 2nd Year*

# Entropy Learns My Name

Your radiation annihilates my conduit
the entropy mutates my pneuma

Neutrino can shift its phases;
but mine are indeterminate

I can turn into quenched
though I'm stable in delirium

How eventide am I?
my neutron prism can't decay

Doppler can't change my entanglement
even Schrödinger is certain about it.

I'm almost in my Schwarzschild radius,
but I can't be infinite

The crystal of time tells me the story,
that only supernova can emit

A quantum scar of my string
echoes in the silence of Higgs through
tachyon

Boltzmann brain murmurs the chrome
fracture,
ever the hair can escape.



ഫിദ .വി \ കവിത
B.Sc.B.Ed Physics (ITEP)

# മാർക്കിനപ്പുറം

" മാർക്ക് " എന്ന
ഒറ്റ സംഖ്യയെ
മഹാസമ്പത്താക്കി
ജീവിതം അളക്കുമ്പോൾ,
നിശ്ശബ്ദമായി മങ്ങുന്നു
പല കഴിവുകളും.




സ്വപ്നങ്ങൾക്ക്
സിലബസ് ഇല്ല,
പ്രതിഭയ്ക്ക്
പരീക്ഷാഹാൾ വേണ്ട,
ഇവിടെ നിർത്തൂ
അതുകൊണ്ടൊന്നുമാവില്ല
എന്ന വാക്കുകൾ
കല്ലുകളാകുമ്പോൾ
നീ ശരിയാവിൽ
അവയ്ക്കു നേരെ
കണ്ണടച്ചോളൂ.




മറ്റുള്ളവരുടെ
സമ്മർദ്ദത്തിൻ
അളവുകോലിൽ
നിൻ മൂല്യം
അളക്കപ്പെടാതിരിക്കാൻ!

കവിത / അഹമ്മദ് സിനാൻ സി കെ
B.Sc CS , 3rd Year

# ധ്വജങ്ങളുടെ നിഴലിൽ

വാനോളം ഉയരുന്നു കൊടികൾ.
കാറ്റിൽ ആടുന്നു പതാകകൾ.
ആവേശത്തിൻ അലകൾ.
ജയവിളികൾ.
ആർപ്പുവിളികൾ.

പക്ഷേ
അവതൻ കരിനിഴലിൽ മർത്യൻ മറയുന്നു.
പച്ചമനുഷ്യൻ അദൃശ്യനാകുന്നു.
ആരുമറിയാതെ.
ആരും കാണാതെ.
അവൻ മാഞ്ഞുപോകുന്നു.
ഇരുളിലേക്ക്.
വിസ്മൃതിയിലേക്ക്.



# മൗനലഹരി

മുന്നറിയിപ്പുകൾ പ്രഭാഷണങ്ങളായി.
പ്രഭാഷണങ്ങൾ ആചാരങ്ങളായി.
ആചാരങ്ങൾ അവഗണനയായി.

ഇതൊരു താരാട്ടാണ്.
ഉറക്കുപാട്ടാണ്.
ബോധത്തെ മയക്കുന്ന ലഹരിയാണ്.

നീതിക്ക് ഇവിടെ ശബ്ദമില്ല.
അവകാശങ്ങൾ വെറും വാഗ്ദാനങ്ങൾ.
തൊണ്ടയിൽ കുരുങ്ങിയ ഗദ്ഗദം.
ആകാശത്തേക്ക് ഉയരുന്ന വാഗ്ദത്തങ്ങൾ.
മണ്ണിൽ വീഴാത്ത നിഴലുകൾ.

കവിത / ഹാഷിം അബ്ദുൽ സലാം ടി പി
B.Sc Mathematics , 2nd Year

# നിഴലും കിരണവും

നിഴൽ :
നീയെൻ ഹൃദയം കീഴടക്കി,
അറിയാതെ ഞാൻ വഴങ്ങി.
നിന്നിലേക്കു ചേർന്നു നിൽക്കാൻ
കടൽപോലും വഴി തടഞ്ഞു.

കിരണം :
ഒരുനോക്കു കാണാൻ
കൊതിച്ചു ഞാൻ,
അകലെയായ് ആ മുഖം തേടി.
ഇനിയെന്നു കാണുമെന്നറിയാതെ,
എൻ കനവിൽ അവൻ മാത്രം .

നിഴൽ :
നിഴലായി നിന്നു നിന്നെ ഞാൻ തേടി,
സന്ധ്യ കാലം പോലെ മന്ദമായി വീണു.
ഹൃദയത്തിനുള്ളിലൊരു ഗാനമായ് നീ,
നീരാവിക്കടലിലെ
ഒരൊറ്റ തിരമാല പോലെ .

കിരണം :
വിരിയാത്ത പൂവായ്
നിന്റെ മുന്നിൽ ഞാൻ,
ഓർമ്മകൾ മാത്രം
ബാക്കിയായ് നിന്നു.
കാണാമറയത്തെ പ്രണയമായി നാം,
ആകാശത്തോളം ദൂരെയായ്
അകലങ്ങളിൽ തീർന്നു.

നിഴൽ :
വിരിയാത്ത പൂവായ് നിന്നെ ഞാൻ തേടി,
മനസ്സിലെ മൂടലുകൾ നീക്കി.
ഓർമ്മകളിൽ നിന്നു ചിറകിടാൻ,
ഒറ്റനോട്ടത്തിൽ
ഞാൻ നിന്നെ കു.
അകലങ്ങൾ വറ്റിയാലും,
പ്രണയം നക്ഷത്രമിഴിവിൽ
എന്നുമിരിക്കും.

കിരണം :
അതിനുള്ളിൽ
ഞാനൊരു കിരണമായ് നിന്നു,
നിന്റെ മൗനങ്ങളെ
അറിയാതെയെണ്ണി.
കണ്ട നിമിഷം ഹൃദയം
നിലച്ചുപോയി,
ആഴമേറും സ്നേഹം
ഉള്ളിലേയ്ക്ക് നിറഞ്ഞു.
ഈ ദൂരങ്ങൾക്കിടയിലും
നമ്മൾ,
ഒരു സ്വപ്നമായി
ഒന്നായി എന്നും.

നിഴൽ :
അതിനുള്ളിൽ ഞാൻ നിന്നെ തേടി,
ഒരു നിഴലായ് ചേർന്നു നിന്നു.
മൗനങ്ങൾക്കിടയിലൂടെ
ഹൃദയം കാവ്യമായി പാടുന്നു.
ആഴമേറും സ്നേഹത്തിന്റെ
തിരമാലയിൽ
നമ്മൾ വീണ്ടും ഒത്തുചേർന്നു,
ദൂരങ്ങൾ മറന്ന്
സ്വപ്നങ്ങളായ് വിരിഞ്ഞു.




കിരണം :

നിന്റെ കൈയ്യിലെ
താളം ഞാൻ അറിഞ്ഞു,
അതെന്നെ മുന്നോട്ട്
നടത്തി.
ഇരുട്ടിലും
വെളിച്ചത്തിലും
നീയെൻ കൂട്ട്,
ഈ പ്രണയം എന്നും
ഓർമ്മയിൽ നിൽക്കും.

നാം :


ദൂരങ്ങൾ തമ്മിൽ
നാമിട്ട മൗനങ്ങൾ പോലും
ഇന്നൊരു ഭാഷയായി.
നിഴലും കിരണവും
ഒന്നിച്ചുചേർന്ന നിമിഷത്തിൽ,
കാലം നിൽക്കുന്നു ,
പ്രണയം മാത്രം
നമ്മളായി തുടരും !



അനുഭവം / ഷഹ്മ ടി
*MA English*

# എന്റെ വർഷം

എല്ലാവരും പറയുന്നു ഒരു വർഷം വളരെ വേഗം കടന്നു പോയെന്ന്. ഒരുപക്ഷെ ശരിയായിരിക്കാം എന്നാലും പല നിമിഷങ്ങളും മണിക്കൂറുകളുടെ ദൈർഘ്യം കൊണ്ട് വളരെ ബുദ്ധിമുട്ടിപ്പിച്ചിട്ടുണ്ട്. ഒരുപാട് നെഞ്ച് പൊട്ടി കരഞ്ഞിട്ടുണ്ട്. ഒറ്റപ്പെടലിന്റെ വേദനയിൽ ഒരുപാട് ദിനങ്ങൾ ഉരുകി തീർന്നിട്ടുണ്ട്. മനസ്സ് നിറഞ്ഞു ചിരിച്ചിട്ടുണ്ട്. ഒരുപാട് പാഠങ്ങൾ പഠിച്ചിട്ടുണ്ട്.
സ്വയം നഷ്ടപ്പെട്ടിടത്തു നിന്ന് പുതിയ ഒരു എന്നെ കണ്ടെത്തിയിട്ടുണ്ട്. എല്ലാ വർഷവും രാവും പകലും പോലെ എനിക്ക് ചിരിയും കണ്ണീരും സമ്മാനിച്ചിട്ടുണ്ട്. ഒരുപാട് കുറ്റങ്ങൾ ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്. ഒരു വാക്ക് പറയാനാകാതെ നിശബ്ദതയായിട്ടുണ്ട്. പലതും നഷ്ടപ്പെട്ടിട്ടും നഷ്ടപെടുത്തി യിട്ടുമുണ്ട്. ജീവതത്തോട് വെറുപ്പ് തോന്നിയിട്ടുണ്ട്. സ്വന്തം ജീവനെ പഴിച്ചിട്ടുണ്ട്. ഒരു കൂട്ടില്ലാതെ പിടിച്ചു നിൽക്കാൻ പോലും എനിക്കാവില്ല എന്നതിലപ്പുറം ഒരു കൂട്ട് പോലും എനിക്കില്ല എന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. ഒരുപാട് പേരുടെ വെറുപ്പും വളരെ കുറച്ച് പേരുടെ അതിയായ സ്നേഹവും അനുഭവിച്ചിട്ടുണ്ട്. ഇനിയും അനുഭവിക്കാനും അറിയാനും പഠിക്കാനും ഒരു വർഷം കൂടെ എനിക്ക് വേണ്ടി പിറന്നിട്ടുണ്ട്. എല്ലാ ദിനം പോലെയും നിശബ്ദമായി ഞാനതിനെ വരവേറ്റിട്ടുണ്ട്.



കവിത / നിഹാല പർവീൻ പി വി
*B.Com CA , 3rd Year*

# വിജയത്തിലേക്കുള്ള അഗ്നിയാത്ര

നിൻ ചിറകുകളിലെ തീ ജ്വാലകൾ
കെടുത്തുന്നവരെ,
നിൻ കണ്ണിലെ തീ ജ്വാലകളാൽ എരിക്കണം.

നിൻ വിജയപർവതമാകുന്ന വഴിയിലെ
അട്ടകളാകുന്ന മനുഷ്യരെ
നിൻ രക്തത്താൽ എരിക്കണം.

പിൻവലികളിൽ നിന്നുള്ള അമ്പുകളെ
നിൻ വിജയകമ്പുകളാൽ തടുക്കണം.


തളരുന്ന നിമിഷങ്ങളിൽ
നിൻ ഹൃദയം ഇടിമുഴക്കംപോലെ മുഴങ്ങട്ടെ.

ഇരുൾ വഴികളെ കീറി മുറിച്ച്
നിൻ വെളിച്ചം മുന്നേറട്ടെ.
വിജയം നിന്റെ നാമമായി മാറട്ടെ.



Poem / Fathimath Husna
*B.Com CA*

# UNSEEN




In her own home, she's a stranger, unknown,
A ghost that haunts, with tears unshown.
Her parents' love, for others bestowed,
Leaves her with nothing, but a heart that's cold.

She's a master of pretending, a smile so bright,
But behind the scenes, she's fighting a lonely fight.
She's learned to survive, to be invisible too,
But deep down, a spark remains, a hope that's true.

She's given up on love, on care, on being seen,
Her heart's a fortress, impenetrable, cold, and serene.
Until then, she'll walk alone, in the shadows, unseen,
A soul that's lost, in a world unclean.

കവിത / റിംസ ഇർഫാൻ
*M.Sc Chemistry , 2nd Year*



# ബാക്കി

മുറിഞ്ഞ വാളുകൾ മൗനം പൂണ്ടപ്പോൾ
മണ്ണിൽ പുളഞ്ഞത് ചുടു രക്തം
ചരിത്രമെഴുതിയത് അവസാനിച്ച യുദ്ധം,
പക്ഷേ... ബാക്കിയായത് മനുഷ്യ നെഞ്ചിലെ ചിന്തലുകൾ.

പറന്നകന്ന മിസൈൽ പക്ഷികൾ ഉയർന്നു
പൊങ്ങിയൊരു ഭീതിമതിൽ

ചാരമായ സ്വപ്നങ്ങൾ കാലത്തിന്റെ ചൂളയിൽ
പ്രകമ്പനത്തിനൊച്ചകൾ തലമുറകളുടെ ഓർമ്മകളിൽ.

ജയപരാജയത്തിനളവുകോലിൽ മനുഷ്യ ഭാരം
ഉയർന്ന് നിന്നു യുദ്ധം തീർന്നെന്നാണ്; മനുഷ്യൻ തീർന്നിട്ടില്ല.

ലേഖനം / ജസ്‌ല ഷെറിൻ
*2nd Year B.Sc Mathematics*

# റിയൽ ജീവിതവും റീൽസ് ജീവിതവും

ഞാനും നിങ്ങളുമടങ്ങുന്ന ഇന്നത്തെ സമൂഹം റീൽസിന്റെ ലോകത്താണല്ലോ ജീവിച്ചുകൊണ്ടിരിക്കുന്നത്. ഇന്നത്തെ കാലത്തൊരു കുഞ്ഞ് ജനിച്ചു വീഴുന്നത് മുതൽ മരിച്ചു മണ്ണടയുന്നത് വരെയുള്ള എല്ലാം ക്യാമറ കണ്ണുകളിലൂടെ പകർത്തി സാമൂഹ്യ മാധ്യമങ്ങളിലൂടെ പൊതു സമൂഹത്തിലേക്ക് എത്തിക്കുന്നതിൽ മനസംതൃപ്തി നേടുന്നവരാണ് നാമോരോരുത്തരും. സമകാലിക സമൂഹത്തിൽ ഏറെ ചർച്ച ആവശ്യമുള്ള ഒരു വിഷയം തന്നെയാണ് റീൽസ് ജീവിതം എന്നത്. എന്നാൽ പലപ്പോഴും റീൽസിലുള്ളതല്ല യഥാർത്ഥ ജീവിതമെന്നത് പലരും മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. റീൽ ജീവിതവും യഥാർത്ഥ ജീവിതവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ തികച്ചും വത്യസ്തമായവയാണ്. ഇന്നത്തെ തലമുറ മൊബൈൽ ഫോണുകൾക്കും അതിലുപരി റീൽസിനും അടിമപ്പെട്ടവരാണ്. ചെറിയ കുട്ടികൾ മുതൽ വൃദ്ധരായവർ വരെ ഇതിനുമുമ്പിൽ മണിക്കൂറുകളോളം ചിലവഴിക്കുന്നതിന്റെ ഭവിഷ്യത്ത് വളരെ വലുതാണ്. അതവർ മനസ്സിലാക്കുന്നില്ല.

റീൽസിലൂടെ നാം കാണുന്ന ഓരോ വ്യക്തികളും,ഓരോ പങ്കാളികളും,ഓരോ കുടുംബങ്ങളും എല്ലാം അവരവരുടെ നല്ല വശങ്ങൾ മാത്രമേ പൊതു സമൂഹത്തിന് മുമ്പിൽ തുറന്ന് കാണിക്കുന്നുള്ളൂ എന്നത് ഭയാനകരമായ സത്യമാണ്. കാണികളെ
പിടിച്ചിരുത്താൻ വേണ്ട അവരെ സന്തോഷിപ്പിക്കുന്ന ആകാംക്ഷയുടെ മുൾമുനയിൽ നിർത്തുന്ന വിഷയങ്ങൾ മാത്രമാണ്
ഓരോരുത്തരും റീൽസായി പുറത്തിറക്കുന്നത്. റീൽസിൽ കാണുന്നവയൊന്നും യഥാർത്ഥ ജീവിതത്തിൽ വിലപ്പോവില്ല എന്നത് നാമോരോരുത്തരും മനസ്സിലാക്കേണ്ടതുണ്ട്. ചെറിയ കുട്ടികളിൽ പോലും അപകർഷതാബോധം കുത്തിവെക്കുന്നതിന് ഈ റീൽസുകൾ വഹിക്കുന്ന പങ്ക് ചെറുതല്ലതാനും. റീൽസിൽ കാണുന്ന കുട്ടികളെ പോലെ തങ്ങൾ എന്തുകൊണ്ട് ആകുന്നില്ല, അവരുടെ മാതാപിതാക്കളെ പോലെ തന്റെ മാതാപിതാക്കൾ എന്തുകൊണ്ട് തന്നെ സ്നേഹിക്കുന്നില്ല , അവന്റെ കയ്യിലുള്ളത്
പോലെയൊന്ന് എന്തുകൊണ്ട് എന്റെ മാതാപിതാക്കൾ എനിക്ക് നൽകിയില്ല എന്നിങ്ങനെ തുടങ്ങി ധാരാളം ചോദ്യങ്ങൾ അവരെ മാനസികമായി തകർക്കുകയും തന്റെ മാതാപിതാക്കളോട് സ്നേഹം കുറഞ്ഞു വരുകയും ചെയ്യുന്നു. ഈ റീൽസിൽ സന്തോഷിക്കുന്ന കുട്ടികളത്രയും യഥാർത്ഥത്തിൽ അത്രയും സന്തോഷവാന്മാരായിരിക്കുമെന്നത് നമുക്ക് യാതൊരു ഉറപ്പുമില്ല, എന്നാൽ അവരുടെ അത്തരം കാര്യങ്ങൾ അവർ മറച്ചുപിടിക്കുന്നു.

കുട്ടികളിൽ മാത്രമല്ല കൗമാരക്കാരിലും നവ ദമ്പതിമാരിലും ഇത്തരത്തിൽ മാനസിക സംഘർഷങ്ങൾക്ക് വഴിയൊരുക്കുകയാണ് റീൽസ് ചെയ്തു കൊണ്ടിരിക്കുന്നത് .
റീൽസിൽ കാണുന്ന ദമ്പതിമാരെല്ലാം അതീവ സന്തോഷകരമായ കുടുംബ ജീവിതം നയിക്കുന്നവരായിരിക്കും. തന്റെ പങ്കാളിയും തന്നെ അതെ രീതിയിൽ സ്നേഹിക്കണമെന്നും ആദരിക്കണമെന്നും നാം ആഗ്രഹിക്കുന്നത് തികച്ചും വിഡ്ഢിത്തമാണ്. കാരണമെന്തെന്നാൽ അവർ ഒരിക്കലും അവരുടെ യഥാർത്ഥ ജീവിതമല്ല എനമുക്ക് മുമ്പിൽ തുറന്നുകാണിക്കുന്നത്. യാഥാർത്ഥ്യത്തിലേക്ക് കടക്കുമ്പോൾ മധുരമായ വാക്കുകൾക്കും തലോടലുകൾക്കും വിപരീതമായി കയ്പേറിയ അനുഭവങ്ങളും വേദനകളുമായിരിക്കും ഉണ്ടായിരിക്കുക.

റീൽസല്ല റിയൽ എന്ന് നാമോരോരുത്തരും മനസ്സിലാക്കുക. എന്റെ അഭിപ്രായത്തിൽ കുട്ടികളെ ചെറുപ്പം മുതലേ ഇത്തരം കാര്യങ്ങൾക്ക് അടിമപ്പെടുത്താതിരിക്കാൻ ഓരോ രക്ഷിതാക്കളും ശ്രദ്ധിക്കുക. ദൈവം നമുക്ക് നൽകിയ അനുഗ്രഹങ്ങളിൽ സംതൃപ്തരായി അവയെ സ്തുതിച്ചു കൊണ്ട് ജീവിതം മുന്നോട്ട് കൊണ്ടുപോകുക . മറ്റുള്ളവരുടെ ജീവിതത്തിലേക്കുള്ള അനാവശ്യമായ എത്തിനോട്ടങ്ങൾ അവസാനിപ്പിക്കുക. തീർച്ചയായും ഒരു സന്തോഷകരമായ ജീവിതം നമുക്ക് ലഭിക്കുക തന്നെ ചെയ്യും. റീൽസ് ജീവിത്തത്തെ റിയൽ ജീവിതവുമായി താരതമ്യപ്പെടുത്താതിരിക്കുക .

ലേഖനം / സലീഖ ഫാർവീൻ എ പി
*B.Sc Chemistry , 2nd Year*

# ബാക്കിയാക്കുന്ന വേരുകൾ

ചില വായനകൾ നമ്മുടെ മനസ്സിൽ എക്കാലവും തങ്ങിനിൽക്കും. അധികം വായിക്കുന്ന ഒരാളെല്ലെങ്കിലും, " james shirley" യുടെ "Death the leveller" എന്ന കവിത എന്നിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കി. മരണത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചുമുള്ള എന്റെ കാഴ്ചപ്പാടുകളെ തന്നെ മാറ്റിമറിച്ച ഈ കവിതയെക്കുറിച്ച് ചില ചിന്തകൾ പങ്കുവെക്കുന്നു.

കവിതയിൽ മരണത്തെ മഹാശക്തിയായാണ് അദ്ദേഹം ഉപമിക്കുന്നത്. "Death the leveller" എന്ന പേര് സൂചിപ്പിക്കുന്ന പോലെ, മരണം എല്ലാവരെയും സമന്മാരാക്കുന്നു മനുഷ്യരെ കണ്ണിൽ നാം വലിയവരോ ചെറിയവരോ ആയിരിക്കാം, പക്ഷേ മരണത്തിനു മുന്നിൽ ആ വേർതിരുവുകളില്ല.

എത്ര ശരിയാണെല്ലേ, നാം ജീവിച്ചിരിക്കുമ്പോൾ മാത്രമാണ് നമ്മുടെ പ്രശസ്തിക്കും പദവിക്കും വിലയുള്ളു. പണക്കാരനും പാവപെട്ടവനും മരണശേഷം വെറും മണ്ണായി മാറുന്നു.എല്ലാം അവസാനിക്കുമെങ്കിലും, ബാക്കിയാക്കുന്ന ഒന്നുണ്ട് നമ്മുടെ നന്മകൾ. മരം മുറിച്ചു മാറ്റപ്പെട്ടാലും അതിന്റെ വേരുകൾ മണ്ണിൽ ആഴ്ന്നിറങ്ങി നിൽക്കുന്നത് പോലെ നാം ചെയ്ത നല്ല കാര്യങ്ങൾ തലമുറകളോളം ഓർമ്മിക്കപ്പെടും.

James shirley കവിതയുടെ അവസാനം പറയുന്നത് പോലെ "only the actions of the just smell sweet and blossom in their dust" സൽപ്രവർത്തികൾ മാത്രമാണ് മരണത്തിന് ശേഷവും സുഗന്ധം പരത്തി പൂത്തുനിൽക്കുന്നത്. മരണം എല്ലാവരെയും തുല്യരാക്കുന്നിവിടെ നന്മയുടെ ആഴമുള്ള വേരുകൾ പടർത്താൻ നമുക്ക് ശ്രമിക്കാം



ലേഖനം / സുനന്ദ
ITEP

# റീൽസിൽ നിന്നും റിയാലിറ്റിയിലേക്ക്

സാമൂഹിക മാധ്യമങ്ങൾ വളർന്നുവരുന്ന ഒരു സൈബർ ലോകത്താണ് നാമിന്ന് ജീവിക്കുന്നത്. ആശയവിനിമയത്തിനും വിനോദത്തിനും എന്തിനും ഈ സാമൂഹ്യമാധ്യമങ്ങൾ ഒഴിച്ചുകൂടാനാവാത്തവയാണ് . ഇത്തരം കാലത്ത് ഒരുപാട് സോഷ്യൽ മീഡിയയുടെ വളർച്ച ലോകമെമ്പാടും എത്തി കഴിഞ്ഞു . ജനിച്ചു വീഴുന്ന കുട്ടികൾ മുതൽ പ്രായമായവർ വരെയുള്ളവർ ഇത്തരം പ്ലാറ്ഫോമുകളിൽ സജീവമാണ്.ഒരിക്കലും ഒഴിച്ചുകൂടാനാവാത്തവയാണ് ഇവ , പ്രത്യേകിച്ചും സമകാലിക സമൂഹത്തിൽ ഇവയുടെ വരവോടെ മനുഷ്യജീവിതത്തിൽ അനവധി മാറ്റങ്ങളാണ് സംഭവിച്ചിരിക്കുന്നത്. ഏതൊന്നിനും നല്ല വശമുണ്ടെങ്കിലും മോശമായ വശവും ഉണ്ട്. നാം അടക്കമുള്ള പലരും ഇന്ന് യഥാർത്ഥ ജീവിതം എന്താണെന്ന് അറിയുന്നില്ല. റീൽസിൽ കാണുന്നതാണ് ജീവിതം എന്ന ധാരണയാണ്.

നമുക്കറിയാം ഇത്പോലുള്ള സാമൂഹിക മാധ്യമങ്ങളിൽ റീൽസ് കാണാത്തവരായി ആരും ഉണ്ടാകില്ല. എന്തിന് കൊച്ചുകുട്ടികൾ പോലും ഫോൺ കയ്യിൽ കൊടുത്താൽ റീൽസ് കാണുന്നവരാണ്. ഇതൊരുപാട് ദൂഷ്യവശങ്ങളാണ് മനുഷ്യരാശിക്ക് വരുത്തിവെക്കുന്നത്. റീൽസിൽ കാണുന്നവരെയെല്ലാം അനുകരിച്ചും അവ വ്യാജമായതും മറ്റുള്ളവർക്ക് പങ്കുവെച്ചും അത് ഓരോ മരണങ്ങളിലേക്കുവരെ നയിക്കുന്നു. ഇങ്ങനെയുള്ള റീൽസ് ജീവിതത്തിൽ മനുഷ്യർ യഥാർത്ഥ ജീവിതത്തെ മറന്നു എന്ന കാര്യത്തിൽ സംശയമില്ല .മാനസികവും ശാരീരികവുമായ ഒരുപാട് പ്രശ്നങ്ങൾ ഇതിലൂടെ വരുന്നു. ഒരുപാട് നേരത്തെ സ്ക്രീൻ ഉപയോഗം കണ്ണിനെയും തലയേയും സാരമായി ബാധിക്കുന്നു .അതുപോലെ റീൽസിൽ കാണുന്നതുമായി സ്വയം താരതമ്യവും വിഷാദവും മറ്റു മാനസിക പ്രശ്നങ്ങളും സൃഷ്ടിക്കുന്നു.

സാധാരണ ജീവിതത്തിന്റെ ഒരു ഭാഗമായി കഴിഞ്ഞിരിക്കുന്നു ഇന്ന് റീൽസും സോഷ്യൽ മീഡിയകളും പക്ഷെ സ്വയം ജീവിക്കാൻ മറക്കുകയാണ് ഇന്ന് പലരും. സ്വന്തം ജീവിതം റീൽസിന് ബലികൊടുക്കുന്ന നിരവധി വാർത്തകൾ നാം ദിനംപ്രതി കാണാറുണ്ടല്ലോ. അത്തരം ഉപയോഗം മനുഷ്യർക്കിടയിലെ സ്നേഹബന്ധങ്ങളെയും പഠനത്തെയും ബാധിച്ചു കഴിഞ്ഞു. റീൽസ് കണ്ട് ഇനിയുള്ള കാലം മനുഷ്യർ എങ്ങനെ ആയി മാറുമെന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു. നമുക്കറിയാം എല്ലാവർക്കും യാത്രയും ആഘോഷവും ഇഷ്ടമാണ്. പണ്ട് കുടുംബമായോ കൂട്ടുകാരുമൊത്തോ ഒന്ന് ഒത്തുകൂടിയാൽ എല്ലാവരും പരസ്പരം സംസാരിച്ചും ചിരിച്ചുകളിച്ചും ഇരിക്കുമ്പോൾ ഇന്ന് ആർക്കും പരസ്പരം മിണ്ടാൻ പോലും നേരമില്ല. കാരണം എല്ലാവരും റീൽസ് എടുക്കലും റീൽസ് കാണലുമൊക്കെയായി തിരക്കിലാണ്. ഒരു റീൽ എടുത്ത് നാലാൾക്ക് മുന്നിൽ പോസ്റ്റ് ചെയ്താൽ എല്ലാം തികഞ്ഞു എന്ന തെറ്റുധാരണയാണ് ഇന്നത്തെ പല ആത്മഹത്യകൾക്കും കാരണം. റീൽസ് നോക്കിയിരിക്കുന്നതിലൂടെ ഓരോരുത്തരുടെയും വിലപ്പെട്ട സമയം കൂടിയാണ് നഷ്ടപ്പെടുത്തുന്നത്. കാണാൻ തുടങ്ങിയാൽ പിന്നെ സ്ഥലകാല ബോധം പോലുമില്ലാതാകുന്നു .പിന്നീട് സമയം പോകുന്നതുപോലും നാം അറിയുന്നില്ല. ഈ നഷ്ടപ്പെടുത്തുന്ന സമയം ഒന്നും തിരിച്ചുകിട്ടില്ല എന്ന് ഓരോരുത്തരും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

പ്രത്യേകിച്ചും സ്കൂൾ, കോളേജ് വിദ്യാർത്ഥികളാണ് കൂടുതലും റീൽസിന് അടിമപ്പെട്ടുകൊണ്ടിരിക്കുന്നത് .ഇതുമൂലം പഠനത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയാതെ വരുന്നു .നല്ലപോലെ പഠനത്തിൽ നിന്ന കുട്ടിപോലും പുറകിലേക്ക് പോകുന്ന അവസ്ഥ വരുന്നു. നമുക്കറിയാം കൊറോണ എന്ന മഹാമാരിക്കുശേഷമാണ് സോഷ്യൽ മീഡിയയും റീൽസും ഇത്രയധികം വർധിച്ചത്. അതിനുശേഷമാണ് വിദ്യാർത്ഥികളിൽ ഇത്രയധികം ഇതിന്റെ പിടിയിലായത് എന്ന് നമുക്കറിയാം. ഇന്നൊരു വീടുണ്ടെങ്കിൽ ആ വീട്ടിലെ എല്ലാവർക്കും ഒരു സ്മാർട്ട് ഫോണും ഉണ്ടാകും, ഇതിലൂടെ എത്രയോ ചതികുഴികളാണ് കാത്തിരിക്കുന്നത്.
സ്വന്തം വീട്ടിലുള്ളവർപോലും പരസ്പ്പരം സംസാരിക്കാത്ത അവസ്ഥയാണ് ഇപ്പോൾ. എന്തിനും ഏതിനും കുടുംബക്കാരെ പോലും മറന്ന റീൽസ് ജീവിതത്തിൽ കാണുന്നവയെല്ലാം യാഥാർഥ്യമാക്കാനുള്ള തിരക്കിലാണ് എല്ലാവരും. ഇതിനു മുൻപ് ഒരു ജീവിതമുണ്ടായിരുന്നു. എന്തുണ്ടെങ്കിലും സംസാരിച്ച തീർക്കുന്ന പറഞ്ഞു തീർക്കുന്ന കുറെ നല്ല ബന്ധങ്ങൾ, പക്ഷെ ഇന്നവയൊക്കെ അപ്രത്യക്ഷമായി കഴിഞ്ഞിരിക്കുന്നു.

റീൽസ് ചെയ്യുന്നവർക്ക് നമ്മളെ പോലുള്ളവർക്ക് സന്തോഷം തരാനോ സമാധാനം തരാനോ അല്ല. അവർക്ക് ഒരുപാട് ലൈക്കും വ്യൂസും കിട്ടുന്നു മറ്റുള്ളവർ സ്വന്തം ജീവിതം പാഴാക്കുന്നു. റീൽസിൽ പുതുതായി എന്തെങ്കിലും കണ്ടാൽ അത് പരീക്ഷിച്ചു നോക്കാനുള്ള ത്വരയാണ് എല്ലാവർക്കും. ജീവന് തന്നെ ഭീഷണിയാകുന്ന പല റീൽസ് വീഡിയോകളും പുറത്തിറങ്ങുന്നു. അതിനുവേണ്ടി മാത്രം ജീവിക്കുന്ന പുതിയൊരു യുഗത്തിലാണ് ലോകം മുന്നോട്ടുപോകുന്നത്. ഇനിവരുന്ന തലമുറക്ക് ഇതിലും വലുതായിരിക്കും നേരിടേണ്ടി വരുന്നത്. അങ്ങനെയൊരു കാലം എങ്ങനെയായി തീരുമെന്കൂടി ചിന്തിക്കാൻ കഴിയുന്നില്ല. പരസ്പരം മിണ്ടാനും ഒന്ന് ചിരിക്കാനും മറന്നവരായി മാറിയിരിക്കുകയാണ് മനുഷ്യർ. റീൽസിൽ കാണുന്നത് മാത്രമാണ് ജീവിതം എന്ന ഈ ധാരണ തീർച്ചയായും മാറ്റിയില്ലെങ്കിൽ കാലം കഴിയുമ്പോഴേക്കും ലോകം എന്തായി തീരും? അത്തരമൊരു ലോകത്ത് എങ്ങനെ മനുഷ്യർ ജീവിക്കും? പണ്ട് ഉണ്ടായിരുന്ന ഓരോസ്ഥലത്തെയും ഭക്ഷണരീതിയും വസ്ത്രധാരണവും സംസ്കാരവും ഇവയെല്ലാം മാറി പഴയ സംസ്കാരത്തേയും മറ്റും മനുഷ്യർ ഉപേക്ഷിച്ചു. ഓരോ യാത്രയും ഓരോ അനുഭവങ്ങൾ തരുന്നു. പക്ഷെ റീൽസ് ജീവിതത്തിൽ കിട്ടുന്ന അനുഭവവും സന്തോഷവും വളരെ കുറഞ്ഞ നിമിഷത്തേക്ക് മാത്രമാണുള്ളത് .അപ്പോൾ കിട്ടുന്ന സന്തോഷം,പിന്നീട് ജീവിതത്തിൽ ദു ഖിക്കേണ്ടി വരുന്നു.

*റിയൽ ജീവിതത്തിൽ നാം ചെയ്യേണ്ടതായിട്ടുള്ള ധർമങ്ങളുണ്ട് പക്ഷെ സ്വന്തം ജീവിതം എന്തിന് നാം മറ്റുള്ളവർക്ക് വേണ്ടി പാഴാക്കണം .ഇത് തീർച്ചയായും ഓരോരുത്തരും ഉൾക്കൊള്ളേണ്ടതാണ്. ജീവിതം ഒന്നേയുള്ളൂ അത് എല്ലാവരുമൊത്ത് സന്തോഷത്തോടെ ജീവിക്കുക, ഓരോ സമയം വിലപ്പെട്ടതാണ്. അത് പാഴാക്കാതെ കൃത്യമായി വിനിയോഗിക്കുക. റീൽസിൽ നിന്നല്ലാതെ സന്തോഷം കണ്ടെത്തുക. സ്വയം ജീവിതം ആനന്ദകരമാക്കുക. ഒരിക്കലും അത് മറ്റുള്ളവർക്ക് ദോഷമാകാതെ മറ്റുള്ളവരെ സന്തോഷിപ്പിക്കുക എന്നത് വലിയ കാര്യമാണ് പക്ഷെ അത് നല്ല കാര്യങ്ങളിലൂടെ ആകുമ്പോഴാണ് അർത്ഥപൂർണ്ണമാകുന്നത്. ഇന്ന് നാം കാണുന്ന ലോകം ഇനി പഴയതുപോലെയാക്കുക എന്ന് സാധ്യമല്ല. എന്നാൽ നാമോരോരുത്തർക്കും യഥാർത്ഥ ജീവിതത്തിലേക്ക് തിരിച്ചു വരാൻ കഴിയും. റീൽസ് ജീവിതം ഒരിക്കലും റിയലാവാതിരിക്കട്ടെ .നമുക്ക് ജീവിക്കാം റിയലായി*



ARTS FEST2025-26

# Kalithra Arts Festival 2K25-26










ARTS FEST











# congratulations




PHOTOGRAPHY CONTEST
WINNERS




ARTICLE COMPETITION
WINNERS


Publications
MAGAZINE RELEASING

# The Events We Held












# Our Team



Mohamed Kutty K.K
(Principal)




Sabira P.K
(Literary Club Coordinator)



Hamsath .K.P
(Literary Club Coordinator)



Kairali A.K
(Asst. Librarian)



Ram Sundar
(Chief Librarian)



Sameer Babu K.K
(Asst. Librarian)



Naseer P.M
(NTS)

# Our Team



Lazin Ahammed K.T
(Student Editor)



Hisham.c
(Magazine Designer)



Ayisha Nahan
(Sub Editor)



Rimza Irphan
(Literary Member)



Fathima Thahaneem
(Literary Member)


വെടിയൊച്ചകൾ കേട്ട് ഞെട്ടിയുണരുന്ന,
ഉറ്റവരുടെ മയ്യത്ത്
ഏറ്റുവാങ്ങുവാൻ പോലും
ആളില്ലാതെ മാറിയ യുദ്ധഭൂമികൾ
കെട്ടു കഥകളായി തീരുന്നൊരു
നാളെ പിറക്കട്ടെ !
MAJLIS ARTS & SCIENCE COLLEGE (AUTONOMOUS)
(Affiliated to University Of Calicut & NAAC Accredited With A Grade)